# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6000

07-07-2014 ൽ മറുപടിയ്ക്ക്

## തരിശുനിലങ്ങളിൽ കൃഷിയിറക്കൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബാബു.എം.പാലിശ്ശേരി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി നിലവിൽ ഉണ്ട്; | (എ) | 199611 ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ നെൽകൃഷി നിലവിലുള്ളത് (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരമുള്ള കണക്ക്) |
| (ബി) | എത്ര ഹെക്ടർ നെൽകൃഷി സ്ഥലമാണ് കൃഷി ചെയ്യാതെ കർഷകർ തരിശിട്ടിരിക്കുന്നത്; | (ബി) | നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കി തീർക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നതേയുള്ളൂ. ആയതിന്ശേഷം മാത്രമേ തരിശു ഭൂമിയെ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. എന്നാൽ കാലാകാലങ്ങളായി തരിശായി കിടക്കുന്നു എന്ന് ബോധ്യമായിട്ടുള്ള സ്ഥലങ്ങളിൽ കൃഷി വകുപ്പിന്റെ വിവിധ പദ്ധതി കളിലൂടെ തരിശുഭൂമി നെൽകൃഷി പദ്ധതി നടപ്പി ലാക്കി വരുന്നുണ്ട്. |
| (സി) | തരിശുനിലങ്ങളിൽ കൃഷി ഇറക്കുന്നതിന് കർഷകരെ പ്രോത്സാഹിപ്പി ക്കാൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ? | (സി) | ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 2014-2015 ൽ സംസ്ഥാനത്ത് 1550 ഹെക്ടർ തരിശു ഭൂമിയിൽ ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 232.50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് 2014-2015-ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം പച്ചക്കറി |

കൃഷിയ്ക്ക് അനുയോജ്യമായ 500 ഹെക്ടർ തരിശു നിലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതാണ്. ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും സഹായമായി നൽകും. പദ്ധതി സംബന്ധിച്ച പ്രവർത്തന നിർദ്ദേശങ്ങളും ഭൗതീകലക്ഷ്യവും എല്ലാ ജില്ലകൾക്കും നൽകിക്കഴിഞ്ഞു. 500 ഹെക്ടർ തരിശു നിലം കൃഷി ചെയ്യുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ